## പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 134 — 31.01.2018 - ൽ മറുപടിക്ക്

## കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.പി.വി.അൻവർ<br>ശ്രീ.പി.ഉണ്ണി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണന സംവിധാനം ഊർജ്ജിതമാക്കുന്നതിനുവേണ്ടി കുടുംബശ്രീ ബസാറുകൾ (സ്ഥിര വിപണന കേന്ദ്രങ്ങൾ), ഇ-കൊമേഴ്സ് പോർട്ടൽ എന്നി നൂതന സംരംഭങ്ങൾ ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.<br>2018-19 സാമ്പത്തിക വർഷത്തിൽ 3,000 പുതിയ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. കയർ ഡി-ഫൈബറിംഗ് യൂണിറ്റുകൾ, തീരദേശ സംരംഭങ്ങൾ, പാർശ്വവൽകൃത സമൂഹത്തിൽ നിന്നുള്ള പ്രത്യേക സംരംഭങ്ങൾ എന്നിവ ആരംഭിക്കുവാനും കോമൺ ഫെസിലിറ്റി സെന്റർ വിപുലീകരിക്കാനും ഉദ്ദേശമുണ്ട്.<br>മൃഗസംരക്ഷണ മേഖലാ പ്രവർത്തനങ്ങളുടെ ഭാഗമായി 1,000 ഇറച്ചിക്കോഴി യൂണിറ്റുകൾ/ 500 മൃഗസംരക്ഷണ മേഖല സംരംഭങ്ങൾ എന്നിവ ആരംഭിക്കുവാനും തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ ഇറച്ചിക്കോഴി പ്രൊഡ്യൂസർ കമ്പനി, കോട്ടയം ജില്ലയിൽ ആട് ഗ്രാമം പ്രൊഡ്യൂസർ കമ്പനി, പാലക്കാട് ജില്ലയിൽ ഡയറി പ്രൊഡ്യൂസർ കമ്പനി എന്നിവ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>കാർഷിക മേഖലയിൽ ആലപ്പുഴ ജില്ലയിൽ പച്ചക്കറി പ്രൊഡ്യൂസർ കമ്പനി, തൃശ്ശൂർ ജില്ലയിൽ ബനാന-റൈസ് പ്രൊഡ്യൂസർ കമ്പനി, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ റൈസ് പ്രൊഡ്യൂസർ കമ്പനി എന്നിവ ആരംഭിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ആരംഭിച്ച നാട്ടുചന്തകൾ കൂടുതൽ കാര്യക്ഷമമാക്കാനും ഓരോ ജില്ലയിലും മൂല്യവർദ്ധിത ഉത്പന്നങ്ങൾക്കായി ഒരു കോമൺ ഫെസിലിറ്റി സെൻറർ ആരംഭിക്കുവാനും ഉദ്ദേശിക്കുന്നു. എംകെഎസ്.പി. വാല്യുചെയിൻ പദ്ധതിയുടെ ഭാഗമായി മീറ്റ് സ്റ്റോറുകൾ ആരംഭിക്കുവാനും ഔഷധ സസ്യകൃഷിക്കായി 100 ഗ്രൂപ്പുകളെ സജ്ജീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.<br>ആശ്രയ പദ്ധതി അഗതി രഹിത കേരളം പദ്ധതിയായി രൂപാന്തരപ്പെടുമ്പോൾ നിലവിലെ ആശ്രയ പദ്ധതി ഗുണഭോക്തൃ കുടുംബങ്ങളുടെയും തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പുതുതായി കണ്ടെത്തുന്ന കുടുംബങ്ങളുടെയും വിവരശേഖരണം നടത്തി ഈ രണ്ട് വിഭാഗത്തിലും പെടുന്ന |

| | | | |
|---|---|---|---|
| | | | എല്ലാ അർഹരായവരെയും ഉൾക്കൊള്ളിക്കുന്നതിന് ഊന്നൽ നല്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>മാതാപിതാക്കൾ നഷ്ടപ്പെട്ടവരും എന്നാൽ സംരക്ഷണം ഏറ്റെടുക്കുവാനായി മാനസിക/ശാരീരിക പ്രാപ്തിയോടുകൂടിയ ബന്ധുക്കൾ ഇല്ലാത്തവരുമായി അഗതിത്വത്തിലേയ്ക്ക് തള്ളപ്പെടുന്ന മാനസിക വെല്ലുവിളി നേരിടുന്നവരുടെ സംരക്ഷണത്തിനുള്ള ബഡ്സ് ഹോം എല്ലാ ജില്ലകളിലും തുടങ്ങുവാനും ഉദ്ദേശമുണ്ട്. |
| (ബി) | കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ വഴി പൊലിവ് എന്ന പേരിൽ കാർഷിക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (ബി)<br>&<br>(സി) | ഉണ്ട്; സംസ്ഥാനത്ത് വിഷവിമുക്തമായ പച്ചക്കറികളും പഴവർഗ്ഗങ്ങളും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളുടെ ഭാഗമായാണ് കുടുംബശ്രീയുടെ അയൽക്കൂട്ടങ്ങൾ അവരുടെ പ്രദേശത്ത് ആവശ്യമുള്ള പച്ചക്കറി ഉൽപ്പാദിപ്പിക്കുന്നതിനായി 'പൊലിവ്' എന്ന പേരിൽ സംഘകൃഷി നടത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. കുടുംബശ്രീ സംഘടനാസംവിധാനത്തെ ശാക്തീകരിക്കുക, പഞ്ചശീലങ്ങൾ വഴി (ശുദ്ധജലം, മാലിന്യസംസ്കരണം, വൃത്തിയുള്ള പരിസരം, നല്ല ജീവിതശൈലി, നല്ല ആരോഗ്യം) കാർഷിക-ആരോഗ്യ സംസ്കാരം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് കുടുംബശ്രീ 'പൊലിവ്' പദ്ധതി നടപ്പിലാക്കിയത്. ഓരോ അയൽക്കൂട്ടവും മൂന്ന് സെന്റിലെങ്കിലും കൃഷി ചെയ്യണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (സി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | |
| (ഡി) | കുടുംബശ്രീയുടെ നേതൃത്വത്തിൽ മട്ടുപ്പാവ് കൃഷിയും ഗ്രോബാഗ് യൂണിറ്റുകളും പ്രാവർത്തികമാക്കുന്നുണ്ടോ ;വിശദാംശം നൽകുമോ? | (ഡി) | കുടുംബശ്രീ നേരിട്ട് മട്ടുപ്പാവ് കൃഷിയോ, ഗ്രോ ബാഗ് യൂണിറ്റുകളോ നടപ്പിലാക്കുന്നില്ല. പഞ്ചായത്ത്, കൃഷി ഭവൻ എന്നിവയിലൂടെ നടപ്പിലാക്കുന്ന ടി പദ്ധതികളിൽ കുടുംബശ്രീ അംഗങ്ങൾ ഭാഗഭാക്കാകാറുണ്ട്. |

സെക്ഷൻ ഓഫീസർ